03/01/22



08/12/2021


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ CP No.26(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.973/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ബൈജു സൈമൺ,
കട്ടക്കയത്തിൽ ഹൗസ്,
മുണ്ടക്കുഴി പി.ഒ., മാനന്തവാടി,
വയനാട്-670 645 — പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വില്ലേജ് ആഫീസർ,
കൂപ്പാടിത്തറ, വയനാട് — എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 13.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 12.11.2020 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 12.01.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 19.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.02.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 03.03.2021 |
| ഹിയറിംഗ് തീയതി | 07.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ബൈജു സൈമൺ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ എതിർകക്ഷി ഫയലുകൾ പരിശോധിക്കാനും മതിയായ ഫീസ് ഒടുക്കുന്ന മുറക്ക് അവശ്യപ്പെട്ട രേഖകൾ കൈപ്പറ്റാവുന്നതാണെന്നും ഹർജികക്ഷിയെ അറിയിച്ചുവെന്നും എന്നാൽ കൃത്യമായ ഫീസ് എത്ര തുക വരുമെന്ന് അറിയിച്ചിട്ടില്ലെന്നും ആയത് കൃത്യമായി അറിയിക്കുവാനും, കോപ്പികൾ ലഭ്യമാക്കുവാനും വേണ്ട നടപടി കമ്മീഷൻ കൈക്കൊള്ളണമെന്നുമാണ്.

2. ഹർജിക്കാരൻ 13.10.2020 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, കുപ്പാടിത്തറ വില്ലേജിലെ ബ്ലോക്ക് 7 ൽ സർവ്വെ നമ്പർ 460, 462, 429, 459 ന്റെ പഴയ സർവ്വെ നമ്പർ 262/1, 234/1, 234/3എ, 234/3ബി, 234/4ഇ ബ്ലോക്ക് 7 ൽ റീസർവ്വെ നമ്പർ 460/1 മുതൽ 460/30 വരെ 462/1 മുതൽ 462/20 വരെ 429/1 മുതൽ 429/1 മുതൽ 429/20 വരെ 459/1 മുതൽ 459/20 വരെ എന്ന സർവ്വെ നമ്പരിൽ ഉൾപ്പെടുന്ന സബ്ഡിവിഷൻ ചെയ്തിട്ടുള്ള മുഴുവൻ സ്ഥലത്തിൽ (ഭൂമി) കമ്പൈന്റ് രജിസ്റ്റർ എ-യും ബി-യുടേയും കോപ്പിയും ബ്ലോക്ക് 7 ൽ റീസർവ്വെ നമ്പർ 460, 462, 429, 459, എന്നിവയുടെ എഫ്.എം.ബി. പഴയതും പുതിയതും പകർപ്പ് ലഭ്യമാക്കണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ 12.11.2020 ൽ എതിർകക്ഷി മറുപടിയിൽ അറിയിച്ചത്, 1 മുതൽ 5 വരെയുള്ള വിവരങ്ങൾ ലഭ്യമാക്കാനായി വിവരാവകാശ നിയമപ്രകാരം ഹർജികക്ഷിക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്തിൽ ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കാവുന്നതാണെന്നും മതിയായ ഫീസ് ഒടുക്കി രേഖകൾ കൈപ്പറ്റാവുന്നതാണെന്നുമാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 03.03.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട 1 മുതൽ 5 വരെയുള്ള കോപ്പികളിൽ ദൈനംദിന ഉപയോഗത്തിന് എടുക്കാത്തതും റീസർവ്വെയ്ക്ക് മുമ്പുള്ള രജിസ്റ്ററുകൾ വില്ലേജിൽ ഉള്ളതുമായ മുഴുവൻ

രേഖകളുടേയും പകർപ്പകൾ എടുക്കുന്നതിന് റിക്കാർഡുകൾ, രജിസ്റ്ററുകൾ, അക്കൗണ്ടുകൾ എന്നിവ പരിശോധിച്ച് ശേഖരിച്ച് തയ്യാറാക്കി നൽകുന്നതിന് ടി കാര്യാലയത്തിൽ മാനുഷ്യ വിഭവശേഷിയുടെ ഗണ്യമായ പങ്ക് ആവശ്യമുളളതും അപ്രകാരം ചെയ്യുന്നത് ദൈനംദിന ഓഫീസ് പ്രവർത്തനത്തേയും സേവനാവകാശ നിയപ്രകാരമുളള സേവനങ്ങളേയും ബാധിക്കുമെന്നും നിലവിൽ മതിയായ സ്റ്റാഫുകൾ ഇല്ലാത്തതിനാലുമാണ് ഫയലുകൾ പരിശോധിക്കാൻ കക്ഷിയെ അറിയിച്ചതെന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 13.10.2020 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി 12.11.2020 ൽ മറുപടി ലഭ്യമാക്കിയതായി കാണുന്നു. എന്നാൽ പൂർണ്ണമായും ഹർജികക്ഷിക്ക് വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. ഹർജിക്കാരൻ എതിർകക്ഷി ഓഫീസിൽ പോവുകയും ഫയലുകളിൽ ടിയാന് ആവശ്യമായവ അടയാളപ്പെടുത്തി നൽകുകയും ചെയ്തുവെന്നാണ് ഹിയറിംഗിൽ ഹർജികക്ഷി മൊഴി നൽകിയത്. ഗവൺമെന്റ് സർക്കുലർ അനുസരിച്ചാണ് വില്ലേജ് ആഫീസിൽ നിന്നും ഫീസ് ഈടാക്കുന്നതെന്നു എതിർകക്ഷി ഈ പരാതി ഹർജിയിലും സമാനമായ മറ്റൊരു ഹർജിയിലും മൊഴി നൽകി. ഇന്ത്യൻ പാർലമെന്റ് പാസാക്കിയ വിവരാവകാശ നിയമം 2005 രാജ്യത്താകമാനം പ്രാബല്യത്തിലുളള നിയമമാണ്. അതിനുപരിയായി ഏതെങ്കിലും സർക്കുലറുകളോ, ഓർഡറുകളോ പ്രകാരം ഫീസ് ഈടാക്കാൻ പാടുളളതല്ല. The Kerala Right to information (Regulation of Fee and Cost) Rules, 2006 റൂൾ (4) പ്രകാരം മാത്രമേ ഫീസ് ഈടാക്കാൻ പാടുളളു. വിവരാവകാശ നിയമത്തിലെ 7(5) വകുപ്പു പ്രകാരം വിവരാവകാശ അപേക്ഷയ്ക്കും രേഖകൾക്കും നിർണ്ണയിക്കുന്ന ഫീസ് ന്യായമായിരിക്കേ ണ്ടതാണ്. വിവരാവകാശ (ഫീസിന്റെയും ചെലവിന്റെയും ക്രമീകരണം) ചട്ടങ്ങൾ 2006 അനുശാസിക്കും പ്രകാരം നിശ്ചയിച്ച ഫീസായ എ-4 സൈസിലുളളതാണെങ്കിൽ ആയത് പേജ് ഒന്നിന് 3 രൂപ നിരക്കിലും എ-4 സൈസിനു മുകളിലുളളതാണെങ്കിൽ ആയത് ഫോട്ടോകോപ്പി എടുക്കുന്നതിന് യഥാർത്ഥത്തിൽ ചെലവാകുന്ന തുകയും സാമ്പിളുകൾ, മോഡലുകൾ,

ഭൂപടങ്ങൾ, പ്ലാനുകൾ എന്നിവയ്ക്ക് അതിന്റെ യഥാർത്ഥ വിലയോ, ചെലവോ, രേഖകൾ പരിശോധിക്കുന്നതിന് ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ലാതെയും അതിനു ശേഷമുള്ള ഓരോ 30 മിനിട്ടിനും അതിന്റെ അംശത്തിനും പത്തു രൂപ വീതവും ഡിസ്ക്, ഫ്ളോപ്പി, സി.ഡി. അല്ലെങ്കിൽ മറ്റേതെങ്കിലും ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ നൽകുന്നതിന് 75 രൂപ (ഓരോന്നിനും) ഈടാക്കാവുന്നത് ആണ്. ആയതിന്റെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് ഈടാക്കി അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട പകർപ്പ് ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം നൽകി വിവരം കമ്മീഷനെ അറിയിക്കേണ്ടതാണ് എന്ന് ഉത്തരവായിക്കൊണ്ട് ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ 08-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
Dp